**പതിനഞ്ചാം കേരള നിയമസഭ**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി**
**(2023-2026)**

**മുപ്പത്തിയൊമ്പതാമത് റിപ്പോർട്ട്**

**(2025 മാർച്ച് 19-ാം തീയതി സമർപ്പിച്ചത്)**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2014-2016) -യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## മുപ്പത്തിയൊമ്പതാമത് റിപ്പോർട്ട്

(2025 മാർച്ച് 19-ാം തീയതി സമർപ്പിച്ചത്)

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2014-2016) -യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.**

ഉള്ളടക്കം


| | | പേജ് |
| --- | --- | --- |
| കമ്മിറ്റിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

**(2023-2026)**

**ഘടന**

**<u>ചെയർപേഴ്സൺ:</u>**

ശ്രീ. എം. എം. മണി, എം.എൽ.എ.

**അംഗങ്ങൾ** :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി. സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. ഷമി ജെ., അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ മുപ്പത്തിയൊമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2014-16)-യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2014-16)-യുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് 2014 ഡിസംബർ 18 -ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിലായി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും കൂടാതെ അന്തിമ മറുപടി ലഭ്യമാക്കാതെയുള്ള ശിപാർശകളും കമ്മിറ്റിയുടെ തുടർശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് 17 -ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2025 മാർച്ച് 19

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2014-2016) -യുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് 2014 ഡിസംബർ 18 -ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു.

The Kerala Payment of Pension to Members of Legislature Act, 1976 (46 of 1976) -ന് കീഴിൽ പുറപ്പെടുവിച്ച 982/2009, 983/2009 എന്നീ നമ്പർ എസ്.ആർ.ഒ. -കളും The Payment of Salaries and Allowances Act, 1951 -ന് കീഴിൽ പുറപ്പെടുവിച്ച 471/2012 നമ്പർ എസ്.ആർ.ഒ. -യും The Public Services Act, 1968 -ന് കീഴിൽ പുറപ്പെടുവിച്ച 166/2010, 131/2013 എന്നീ നമ്പർ എസ്.ആർ.ഒ. -കളും കേരള കർഷക തൊഴിലാളി ആക്ട്, 1974 -ന് കീഴിൽ 2007 മുതൽ 2012 വരെയുള്ള കാലയളവിൽ പുറപ്പെടുവിച്ച വിവിധ എസ്.ആർ.ഒ. -കളും പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ റിപ്പോർട്ടാണിത്. ടി റിപ്പോർട്ടിൽ 45 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പാർലമെന്ററികാര്യം, ആരോഗ്യ കുടുംബക്ഷേമം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട 24 -ാം ഖണ്ഡികയിലെ ശിപാർശയിലും സ്റ്റോർസ് പർച്ചേയ്സ് വകുപ്പുമായി ബന്ധപ്പെട്ട 28 മുതൽ 34 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിലും പ്രസ്തുത വകുപ്പുകളിൽ നിന്നും അന്തിമ മറുപടി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2014-2016) -യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച അന്തിമ മറുപടികളും അദ്ധ്യായം I ആയും സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭിക്കാൻ അവശേഷിക്കുന്ന ശിപാർശകളും ആയത് സംബന്ധിച്ച സമിതിയുടെ തുടർശിപാർശകളും അദ്ധ്യായം II ആയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം I

## കമ്മിറ്റി (2014-2016) -യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച അന്തിമ മറുപടികളും

### The Kerala Payment of Pension to Members of Legislature Act, 1976 (46 of 1976)

### എസ്.ആർ.ഒ.നം. 982/2009

### ശിപാർശ (ഖണ്ഡിക 2)

Rule 5(2) states that "Each travel coupon book shall contain money value coupons as shown below". The Committee points out that "Travel coupon book" is not defined either in the Act or in the rules. But "Rail travel Coupon Book" is defined as per Rule 2(b). Hence the Committee recommends the department to correct Rule 5(2) as: "Each Rail travel Coupon book shall contain Rail travel money value coupons as shown below:-".

### ശിപാർശ (ഖണ്ഡിക 3)

As per Rule 6 "A rail travel coupon book shall be valid for three years from the date of issue but a fuel coupon is valid for one year from the date of issue by the Indian Oil Corporation Limited." Fuel coupons are purchased from the Indian Oil Corporation in bulk and kept in Legislature Secretariat. They are issued at the request of Ex-MLAs as and when need arises up to a maximum limit of ₹12,000 or such enhanced amount per year. The Committee observes that fuel coupons are issued to Ex-members at any time within one year and there is chance of expiring the validity of fuel coupons within days of its procurement by the Ex-members. Hence the Committee recommends to amend the Rule 6 as follows: "A rail travel coupon book shall be valid for three years from the date of issue but a fuel coupon is valid for one year from the date of issue by the Secretary, Kerala Legislature Secretariat."

### ശിപാർശ (ഖണ്ഡിക 4)

Rule 7 deals with the certificate on coupon books. In the 3rd line the term used is "Railway travel coupon". The term "Rail travel coupon" is defined in Section 2B(1)(i) of the Act and 2(b) of the Rule. Hence the Committee recommends to correct the words "Railway travel coupon" as "Rail travel Coupon" in Rule 7.

### സ്വീകരിച്ച നടപടി (ഖണ്ഡിക 2- 4)

06.05.2017-ലെ 233/17-ാം നമ്പർ എസ്.ആർ.ഒ. ആയി ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഫ്രീ ട്രാൻസിറ്റ്) റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. (22.04.2017-ലെ സ.ഉ. (എം.എസ്.)നം.3/2017/പാ.കാ.വ., വിജ്ഞാപനം സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.)

(പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 14.08.2017 തീയതിയിലെ നം.202/എ 2/2015/പാ.കാ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 25.10.2017-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 5)**

In the explanatory note of the S.R.O. the name of the Act is wrongly written as "the Kerala Payment of Pension to Members of the Legislature Act, 1976 (46 of 1976)." The Committee has recommended time and again that the name of the Acts and Rules should be given correctly in statutory notifications. Hence the Committee recommends to correct it as: "the Kerala Payment of Pension to Members of Legislature Act, 1976 (46 of 1976)."The Committee takes strong exception to repetition of such mistakes in statutory notifications and recommends to take firm steps to prevent recurrence of such mistakes.

**സ്വീകരിച്ച നടപടി**

06.05.2017-ലെ 232/17-ാം നമ്പർ എസ്.ആർ.ഒ. ആയി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (21.04.2017-ലെ സ.ഉ.(എം.എസ്.)നം.2/2017/പാ.കാ.വ. വിജ്ഞാപനം സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.)

(പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 14.08.2017 തീയതിയിലെ നം.202/എ 2/2015/പാ.കാ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 25.10.2017-ലെ സമിതിയോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ.നം. 983/2019**

**ശിപാർശ (ഖണ്ഡിക 7)**

In the Preamble of the S.R.O., it is stated "In exercise of the powers conferred by Section 3 of the Kerala Payment of Pension to Members of Legislature Act, 1976 (46 of 1976) Government of Kerala hereby make the following rules further to amend the Medical Attendance to the Ex-members of the Legislative Assembly Rules, 1988 issued under notification G.O.(Ms.) No.256/88/GAD dated 1st August 1988 and published as S.R.O. No.1087/88 in Section IV of Part I of the Kerala Gazette No.36 dated 13th September, 1988, namely:- "Medical Facilities of Ex-members is dealt with Section 2A of the Act. Hence the Committee suggest to include the words "read with Section 2A" in the preamble of the S.R.O. and correct it as follows: "In exercise of the powers conferred by Section 3 of the Kerala Payment of Pension to Members of Legislature Act, 1976 (46 of 1976) read with Section 2A thereof, the Government of Kerala hereby make the following rules further to amend the Medical Attendance to the Ex-members of the Legislative Assembly Rules, 1988 issued under notification G.O.(Ms.) No.256/88/GAD dated 1st August, 1988 and published as S.R.O. No.1087/88 in Section IV of Part I of the Kerala Gazette No.36 dated 13th September, 1988, namely:"

**ശിപാർശ (ഖണ്ഡിക 8)**

In the explanatory note of the S.R.O., the name of the Act is wrongly written as "the Kerala Payment of Pension to Members of the Legislature Act, 1976." Hence the Committee

recommends to correct it as: "the Kerala Payment of Pension to Members of Legislature Act, 1976 (46 of 1976). The Committee takes strong exception to repetition of such mistakes in statutory notifications and recommends to take firm steps to prevent recurrence of such mistakes.

**സ്വീകരിച്ച നടപടി (ഖണ്ഡിക 7, 8)**

04.11.2017-ലെ 686/17-ാം നമ്പർ എസ്.ആർ.ഒ. ആയി ദ മെഡിക്കൽ അറ്റൻഡന്റ് റ്റു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. (01.11.2017-ലെ സ.ഉ.(എം.എസ്.)നം.10/2017/പാ.കാ.വ. വിജ്ഞാപനം സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.)

(പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 19.12.2017 തീയതിയിലെ നം.202/എ 2/2015/പാ.കാ.വ. കത്ത്പ്രകാരം ലഭ്യമാക്കിയ മറുപടി 11.04.2018-ലെ സമിതിയോഗം അംഗീകരിച്ചു.)

**The Payment of Salaries and Allowances Act, 1951 (XIV of 1951)**

**എസ്.ആർ.ഒ.നം. 471/2012**

**ശിപാർശ (ഖണ്ഡിക 10)**

Rule 6 deals with the term of staff appointed under these rules. Rule 6(1) states that "A person appointed under these rules shall hold the office during the pleasure of the members for whose assistance he was appointed or till the member ceases to be a member, or till the dissolution of assembly or till he obtains regular appointment in any of the services mentioned in clause (c) of the rule 2". The Committee notices that it is in Rule 2(d) "staff" is defined and not in 2(c). Hence the Committee recommends to correct Rule 6(1) as follows "A person appointed under these rules shall hold the office during the pleasure of the members for whose assistance he was appointed or till the member ceases to be a member, or till the dissolution of assembly or till he obtains regular appointment in any of the services mentioned in clause (d) of the rule 2".

**സ്വീകരിച്ച നടപടി**

27.09.2012 തീയതിയിലെ 696/12-ാം നമ്പർ എസ്.ആർ.ഒ. ആയി ദ മെമ്പേഴ്സ് ഓഫ് ദ കേരള ലെജിസ്ലേറ്റീവ് അസംബ്ലി (പ്രൊവൈഡിംഗ് ദ അസിസ്റ്റന്റ്സ് ഓഫ് സ്റ്റാഫ് ആന്റ് പേയ്മെന്റ് ഓഫ് സ്റ്റാഫ് അലവൻസ്) റൂൾസിൽ ഭേദഗതി വരുത്തിയിട്ടുള്ളതാണ്. (27.12.2012-ലെ സ.ഉ.(പി)നം.20/2012/പാ.കാ.വ. വിജ്ഞാപനം സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.)

(പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 14.08.2017 തീയതിയിലെ നം.202/എ 2/2015/പാ.കാ.വ. കത്ത്പ്രകാരം ലഭ്യമാക്കിയ മറുപടി 25.10.2017-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 11)**

Rule 6(2) states that "Any staff appointed under these rules may, at any time, request in writing to the Secretary to relieve him of his duties assisting the member and thereupon the Secretary shall relieve him of his duties." Proviso of Rule 6 says that "Provided that before a

staff is relieved of his duties under this sub-rule, the Secretary shall consult the member for whose assistance he has been appointed." The Committee observes that staff is appointed by the Secretary after receiving intimation from the Member as per Rule 4 and 5. But here, the Staff can request the Secretary to relieve him of his duties without the consent of the Member. The Secretary will seek the consent of the Member concerned before relieving the staff. The Committee is of the opinion that it is not a good practice on the part of the staff to approach the Secretary to get him relieved of his duties without the prior knowledge of the Member who has chosen him as his staff. The Committee opines that as in the case of appointment, relieving of staff need be with the consent of the Member. Hence the Committee recommends that the Proviso under Rule 6(2) be deleted and Rule 6(2) be amended as follows: "Any staff appointed under these rules shall request, at any time, in writing to the Secretary with the consent of the member, to relieve him of his duties of assisting the member and thereupon the Secretary shall relieve him of his duties."

**ശിപാർശ (ഖണ്ഡിക 12)**

As per Rule 7(2) "The allowance under sub-rule(1) for a particular month or fraction thereof may be drawn and disbursed to the staff before 15th of the succeeding month positively, by the drawing and disbursing officer of the Legislature Secretariat, on production of a duty certificate in Form II issued by the member concerned." As per the existing Rule the duty certificate is compulsory for every month for drawing and disbursing the salary. The Committee is of the view that a person appointed as staff is relieved of the duties with the consent of the Member and hence duty certificate for every month is not necessary. The Committee enquired whether duty certificate of staff given by the member is necessary for every month for processing the monthly salary. The Law Department informed the Committee that there is no legal objection for changing the period of duty certificate from once in every month to once in 3 months. Hence the Committee recommends to change the Rule 7(2) accordingly.

**ശിപാർശ (ഖണ്ഡിക 13)**

The Committee recommends to add the words "addressed to the Secretary, Kerala Legislative Assembly" after the words "production of a duty certificate" in Rule 7(2).

**ശിപാർശ (ഖണ്ഡിക 14)**

The Committee recommends that a heading "Intimation to Secretary to appoint staff to assist the member" may be added in Form 1 after the line "See Rule 4".

**ശിപാർശ (ഖണ്ഡിക 15)**

The Committee recommends to add the words "Sex M/F" in annexure after the line "name".

**സ്വീകരിച്ച നടപടി (ഖണ്ഡിക 11-15)**

06.05.2017 തീയതിയിലെ എസ്.ആർ.ഒ.നം.234/17 ആയി ദ മെമ്പേഴ്സ് ഓഫ് ദ കേരള ലെജിസ്ലേറ്റീവ് അസംബ്ലി (പ്രൊവൈഡിംഗ് ദ അസിസ്റ്റൻസ് ഓഫ് സ്റ്റാഫ് ആന്റ് പേയ്മെന്റ് ഓഫ് സ്റ്റാഫ് അലവൻസ്) റൂൾസ്-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. (22.04.2017-ലെ സ.ഉ.(എം.എസ്.)നം.4/2017/പാ.കാ.വ. വിജ്ഞാപനം സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.)

(പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 14.08.2017 തീയതിയിലെ നം.202/എ 2/2015/പാ.കാ.വ. കത്ത്പ്രകാരം ലഭ്യമാക്കിയ മറുപടി 25.10.2017-ലെ സമിതിയോഗം അംഗീകരിച്ചു.)

**The Public Services Act, 1968 (19 of 1968)**

**എസ്.ആർ.ഒ.നം. 166/2010**

**ശിപാർശ (ഖണ്ഡിക 18)**

The Committee opines that excluding the post of Chief Consultant from Branch D(b) in the pretext of reducing the over burden of posts seems to have no justification. In the event of coming up Senior Consultant with proper experience in future, it will adversely affect their promotion prospects. Since the next promotion stage of Senior Consultant is Chief Consultant, the Committee recommends to amend the existing Rules so as to include the post of Chief Consultant, Transfusion Medicine in Branch D(b) as stated in category 14 of Branch C(a).

**സ്വീകരിച്ച നടപടി**

സ.ഉ.(പി)69/2010/ആകുവ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന മെഡിക്കൽ ഓഫീസർമാരുടെ സ്പെഷ്യൽ റൂളിൽ ബ്രാഞ്ച് D ആയി ഉൾപ്പെടുത്തിയിരുന്ന ബ്രാഞ്ച് ഡി(എ), ഡി(ബി) എന്നീ കേഡറുകൾ ബ്രാഞ്ച് (സി) ആയി സ്പെഷ്യാലിറ്റി കേഡറിൽ ഉൾപ്പെടുത്തുകയും ബ്രാഞ്ച് ഡി (b) ആയിരുന്ന Blood Bank & Clinical Lab (Transfusion) Medicine Cadre-ന്റെ പേര് Immuno Hematology & Blood Transfusion എന്നാക്കി മാറ്റുകയും, ഈ കേഡറിന് Chief Consultant തസ്തിക ഉൾപ്പെടുത്തുകയും ചെയ്ത് ഭേദഗതി ചട്ടങ്ങൾ സ.ഉ.(പി)52/2022/ആകുവ. തീയതി 27.09.2022 പുറപ്പെടുവിക്കുകയും ആയത് 13 ഒക്ടോബർ 2022-ലെ അസാധാരണ ഗസറ്റ് നം.3516 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ആരോഗ്യ കുടുംബക്ഷേമകാര്യ (എ) വകുപ്പിന്റെ 08.11.2023 തീയതിയിലെ HEALTH A3/124/2015-HEALTH നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2023-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 19)**

The Committee noticed that in item (iii) of the explanatory note, it is mentioned that since adequate number of Doctors with Super Speciality Degree are not available in the Health Service at present to form separate Super Speciality Cadres, Government have decided to include such Doctors in the concerned General Medicine or General Surgery Specialities. Thus the Super Speciality cadre (Branch D) which include Doctors with Super Speciality qualifications such as Cardiology, Neurology, Gastroenterology, Nephrology, Genito Urinary Surgery, Cardio Thoracic Surgery, Gastroenterology (Surgical), Plastic Surgery, Paediatric Surgery and Neuro Surgery has been placed in the concerned General Medicine or General Surgery Specialities.

The Committee enquired whether it is advisable to merge the Super Speciality Cadre with General Speciality Cadre instead of finding sufficient number of Doctors with Super Speciality qualifications to maintain the cadre, especially when the Medical College Hospitals have turned referral. The Committee also asked about the propriety of giving retrospective effect (w.e.f. 01.01.2007) to this S.R.O. The Secretary, H & FW Department replied that when Super Speciality Cadre was introduced in 2005, adequate number of doctors with Super Speciality qualifications were not available and hence decision was taken to merge these posts with Specialised categories and the Doctors with Super Speciality degrees were being inducted in service as Junior Consultants. At present, Doctors with Super Speciality qualification are available and hence it is necessary to reintroduce the Super Speciality cadre. The Committee opines that it was a hasty decision on the part of the Government to remove the Super Speciality cadre which was introduced in 2005 and recommends to reinstate the Super Speciality cadre to meet the rising demand for such doctors in hospitals and hence to amend the rules suitably without delay. The Committee is of the opinion that the action of giving retrospective effect to this S.R.O. from 01.01.2007 is irrelevant and wants the Government to verify and report to the Committee whether this action has affected the consultants with Super Speciality degree who have entered service after 2005.

**സ്വീകരിച്ച നടപടി**

കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) സ്പെഷ്യൽ റൂളിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ കൂടെ ഉൾപ്പെടുത്തി നിലവിലുള്ള സ്പെഷ്യൽ റൂൾ അമെന്റ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് (പി)48/2022/ആകുവ. തീയതി 24.08.2022 പുറപ്പെടുവിക്കുകയും അപ്രകാരം സമിതിയുടെ ശിപാർശ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ആരോഗ്യ കുടുംബക്ഷേമകാര്യ (എ) വകുപ്പിന്റെ 08.11.2023 തീയതിയിലെ HEALTH A3/124/2015-HEALTH നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2023-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 20)**

The Committee notices that in column 2 of Serial No. 4 of the Table under Rule 3, for the post of Deputy Director (Dental), one of the method of appointment is "By promotion from (i) Category 2(a) General cadre or Branch B". The Committee observes that General Cadre and Branch B are the same. Hence the Committee recommends to delete the word "or" from item (i) and use hyphen between the words "General Cadre" and "Branch B".

**ശിപാർശ (ഖണ്ഡിക 21)**

The Committee noticed that under Branch B General Cadre, Category 2(C) in Rule 5 and Rule 8, the post is referred to as "Assistant Dental Surgeon". The Committee asked the Department to ascertain which usage is correct and to that, the Director, Health and Family Welfare Department answered that the correct usage is 'Dental Assistant Surgeon'. The Committee opines that the name of a post has to be specific in a Rule and recommends to use the term "Dental Assistant Surgeon" instead of "Assistant Dental Surgeon".

**ശിപാർശ (ഖണ്ഡിക 22)**

The Committee recommends to use Category 2(b) and (a) instead of Category 2b and a in Rule 8.

**ശിപാർശ (ഖണ്ഡിക 23)**

The Committee points out that the portion "Post Graduate Degree like Master in Public Health, Master in Hospital Administration and Diploma in Public Health in 5(B) (V) of the Appendix lacks clarity and recommends to correct it as "Post Graduate Degrees of Master in Public Health, Master in Hospital Administration and Diploma in Public Health".

**സ്വീകരിച്ച നടപടി (ഖണ്ഡിക 20-23)**

കമ്മിറ്റി ശിപാർശ ചെയ്ത മേൽപ്പറഞ്ഞ ഭേദഗതികളെല്ലാം തന്നെ ഉൾപ്പെടുത്തിയ ഭേദഗതി ചട്ടങ്ങൾ സ.ഉ.(പി)52/2022/ആകുവ. തീയതി 27.09.2022 പുറപ്പെടുവിക്കുകയും ആയത് 13 ഒക്ടോബർ 2022-ലെ അസാധാരണ ഗസറ്റ് നം.3516 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ആരോഗ്യ കുടുംബക്ഷേമകാര്യ (എ) വകുപ്പിന്റെ 08.11.2023 തീയതിയിലെ HEALTH A3/124/2015-HEALTH നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2023-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 25)**

The Committee enquired whether the staff pattern in the Health Service has been sufficiently revised in the wake of Special Rules. The Director, Health and Family Welfare Department informed that the staff pattern of 1961 is that still maintained in the Department. The Committee is of the opinion that the staff pattern that is of 50 years back is obsolete and hence recommends to modify the Staff pattern in the wake of rising demands from the public for more Doctors in various speciality cadres and urges the Government to initiate action for the purpose.

**സ്വീകരിച്ച നടപടി**

ആർദ്രം പദ്ധതിയുടെ ഭാഗമായി ഗ്യാപ് അനാലിസിസ് നടത്തി, സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ച് സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ആരോഗ്യ കുടുംബക്ഷേമകാര്യ (എ) വകുപ്പിന്റെ 08.11.2023 തീയതിയിലെ HEALTH A3/124/2015-HEALTH നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2023-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 26)**

The Committee enquired why sufficient Doctors with Super Speciality Degree could not be made available for the State Health Services, which has been enjoying the pride of place among Health Services in India. The Secretary, Health and Family Welfare Department informed

that low paid salary, as far as concerned with them, and lack of facilities in Government hospitals dissuade them from entering Government Sector. The Secretary asserted that the Management Committees of Medical Colleges have the power to appoint Specialists from private sector providing them with eligible remuneration and nowadays some Hospital Management Committees are practising this method. Hence the Committee recommends the Department to make available the service of Speciality Cadre Doctors of Private Hospitals in Government Hospitals once or twice in a week in such areas where lack of Doctors is felt.

**സ്വീകരിച്ച നടപടി**

കൂടുതൽ വേതനം നൽകി സ്വകാര്യമേഖലയിൽ നിന്ന്, വിദഗ്ധ ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ ഒരിക്കൽ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തുന്നത് കേരളത്തിലെ നിലവിലെ സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. കൂടാതെ സൂപ്പർ സ്പെഷ്യലിറ്റി കേഡർ ആരോഗ്യ വകുപ്പിൽ വന്നു കഴിഞ്ഞ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിൽത്തന്നെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(ആരോഗ്യ കുടുംബക്ഷേമകാര്യ (എ) വകുപ്പിന്റെ 24.07.2019 തീയതിയിലെ A3/124/2015-ആകുവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28.11.2019-ലെ സമിതിയോഗം അംഗീകരിച്ചു.)

**കേരള കർഷക തൊഴിലാളി ആക്ട്, 1974 (18-ാം ആക്ട്)**

**എസ്.ആർ.ഒ.നം. 70/2007**

**ശിപാർശ (ഖണ്ഡിക 36)**

എസ്.ആർ.ഒ.യുടെ പീഠികയിൽ "1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിലെ (1974-ലെ 18-ാം ആക്റ്റ്) 11-ാം വകുപ്പും, 1990-ലെ കേരള കർഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 3-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയും കൂട്ടിവായിച്ച പ്രകാരം ................ മരണപ്പെട്ട ഒഴിവിൽ ശ്രീ. എ. പത്മനാഭനെ നാമനിർദ്ദേശം ചെയ്തുകൊണ്ട് ............ എന്ന് പറഞ്ഞിരിക്കുന്നിതിൽ ചട്ടം 4(2)-ഉം 6-ഉം ബാധകമാണെന്ന് സമിതി നിരീക്ഷിക്കുകയും ആയത് "1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിലെ (1974-ലെ 18-ാം ആക്റ്റ്) 11-ാം വകുപ്പും 1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 3-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയും 4-ാം ഖണ്ഡികയിലെ (2)-ാംഉപഖണ്ഡികയും 6-ാംഖണ്ഡികയും കൂട്ടിവായിച്ച പ്രകാരം ....... മരണപ്പെട്ട ഒഴിവിൽ ശ്രീ. എ. പത്മനാഭനെ നാമനിർദ്ദേശം ചെയ്തുകൊണ്ട് ................ " എന്ന് ഭേദഗതി വരുത്താൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 36-ൽ സമിതി നിർദ്ദേശിച്ചതനുസരിച്ച് 18.06.2015-ലെ സ.ഉ.(പി)നം.68/2015/തൊഴിൽ (എസ്.ആർ.ഒ. നം.413/2015) പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നുവെങ്കിലും പ്രസ്തുത വിജ്ഞാപനത്തിൽ സമിതി ശിപാർശ ചെയ്ത നിർദ്ദേശം പൂർണ്ണമായും ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ സമിതിയുടെ ശിപാർശ പൂർണ്ണമായും ഉൾക്കൊള്ളിച്ചുകൊണ്ട് 26.10.2015-ലെ സ.ഉ.(അച്ചടി)നം.162/2015/തൊഴിൽ (എസ്.ആർ.ഒ. നം.724/2015) പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും ഖണ്ഡിക 36-ലെ സമിതിയുടെ നിർദ്ദേശം നടപ്പിലാക്കുകയും ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 23.12.2014 തീയതിയിലെ 23084/ആർ2/14/തൊഴിൽ

നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21.06.2017-ലെ സമിതിയോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 510/2007, 608/2007, 1088/2007, 474/2008**

**ശിപാർശ (ഖണ്ഡിക 38)**

മുകളിൽ പരാമർശിച്ച എല്ലാ എസ്.ആർ.ഒ.കളിലും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ പ്രതിനിധികളുടെ കാലാവധി മൂന്നുവർഷമാണെങ്കിലും കാലാവധി കഴിയുന്നതിനുമുമ്പ് സർക്കാർ പ്രതിനിധികളെ മാറ്റിയിരിക്കുന്നു. ആയതിനുള്ള കാരണം എസ്.ആർ.ഒ.-യുടെ പീഠികയിലോ വിശദീകരണക്കുറിപ്പിലോ ഉൾപ്പെടുത്തിയിട്ടില്ലായെന്നത് സമിതി നിരീക്ഷിക്കുകയും മേലിൽ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.-കളിൽ സർക്കാർ പ്രതിനിധികളെ മാറ്റിയതിനുള്ള കാരണം എസ്.ആർ.ഒ.-യുടെ പീഠികയിലോ വിശദീകരണക്കുറിപ്പിലോ ഉൾപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതിയുടെ നിർദ്ദേശം അനുസരിച്ച് ഇനിമുതൽ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.-കളിൽ സർക്കാർ പ്രതിനിധികളെ മാറ്റുന്നതിനുള്ള കാരണം കൂടി എസ്.ആർ.ഒ.-യുടെ പീഠികയിലോ വിശദീകരണക്കുറിപ്പിലോ ഉൾപ്പെടുത്തുന്നതാണെന്ന് സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 12.08.2015 തീയതിയിലെ 3238/ആർ2/15/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23. 12. 2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 952/2008**

**ശിപാർശ (ഖണ്ഡിക 40)**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാരിനെ പ്രതിനിധീകരിച്ച് 7 ഡയറക്ടർമാർ വേണമെന്നിരിക്കെ എസ്.ആർ.ഒ.-യിലെ 1-ാമത്തെ പട്ടികയിലെ സർക്കാർ പ്രതിനിധികൾ എന്ന വിഭാഗത്തിൽ നാലുപേരെ മാത്രം നിയമിച്ചതിനുള്ള കാരണം സമിതി ആരാഞ്ഞതിന് ഫയൽ പരിശോധിച്ചശേഷം മറുപടി അറിയിക്കാമെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച 17.09.2008-ലെ എസ്.ആർ.ഒ. നമ്പർ 952/2008 പ്രകാരം ബോർഡിൽ സർക്കാർ പ്രതിനിധികളായി 4 പേരെ ഉൾപ്പെടുത്തുകയും അതിനുശേഷം പുറപ്പെടുവിച്ച 12.01.2009-ലെ എസ്.ആർ.ഒ. നം.21/2009 പ്രകാരം കൃഷി, റവന്യൂ എന്നീ വകുപ്പുകളിൽ നിന്നുള്ള പ്രതിനിധികളെയും 10/2/2009 ലെ എസ്.ആർ.ഒ. നം.131/2009 പ്രകാരം ധനകാര്യ വകുപ്പിൽ നിന്നുള്ള പ്രതിനിധിയെയും ഉൾപ്പെടുത്തി ആകെ 7 സർക്കാർ പ്രതിനിധികളെ നിയമിച്ചിരുന്നു എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 17.11.2015 തീയതിയിലെ 3239/ആർ2/15/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.2015-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 41)**

എസ്.ആർ.ഒ.-യിലെ "പ്രസ്തുത ആക്റ്റിലെ 11-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ശ്രീ. വി. ശശി, പൊയ്ക, റ്റി. സി. 12/448, പാന്നൂർ ലെയിൻ, മെഡിക്കൽ കോളേജ് (പി.ഒ.), തിരുവനന്തപുരം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനായിരിക്കും" എന്നതിൽ തിരുവനന്തപുരം കഴിഞ്ഞ് ഒരു കോമ ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 41 ൽ സമിതി നിർദ്ദേശിച്ചതനുസരിച്ച് തിരുത്തൽ വരുത്തി 01.08.2015-ലെ സ.ഉ. (അച്ചടി) നമ്പർ 101/2015/തൊഴിൽ (എസ്.ആർ.ഒ.നം, 513/2015) പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 17.11.2015 തീയതിയിലെ നം.3239/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.15-ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 21/2009**

**ശിപാർശ (ഖണ്ഡിക 43)**

എസ്.ആർ.ഒ.-യിലെ പീഠികയിൽ സർക്കാർ പ്രതിനിധികളായ കൃഷി ഡയറക്ടർമാരെ കൂടാതെ തൊഴിലുടമാ പ്രതിനിധി മരണപ്പെട്ട ഒഴിവിൽ എക്സ്.എം.എൽ.എ.-യെ നാമനിർദ്ദേശം ചെയ്തതായാണ് പറഞ്ഞിരിക്കുന്നത്. മരണപ്പെട്ട ഒഴിവിൽ എക്സ്സ്.എം.എൽ.എ.-യെ നിയമിച്ചതിന് 6-ാം ഖണ്ഡികകൂടി ഉൾപ്പെടുന്നതിനാൽ എസ്.ആർ.ഒ.-യിലെ പീഠികയിലെ "1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിലെ (1974-ലെ 18-ാം ആക്റ്റ്) 11-ാം വകുപ്പും, 1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 3-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയും കൂട്ടിവായിച്ച പ്രകാരം" എന്ന് പറഞ്ഞിരിക്കുന്നതിൽ ഖണ്ഡിക 6-ഉം ബാധകമാണെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയത് "1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിലെ (1974-ലെ 18-ാം ആക്റ്റ്) 11-ാം വകുപ്പും, 1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 3-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയും 6-ാം ഖണ്ഡികയും കൂട്ടിവായിച്ച പ്രകാരം" എന്ന് ഭേദഗതി വരുത്താൻ നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 43-ൽ സമിതി നിർദ്ദേശിച്ച പ്രകാരം തിരുത്തൽ വരുത്തി 10.06.2015-ലെ സ.ഉ. (അച്ചടി) നം.66/2015/തൊഴിൽ (എസ്.ആർ.ഒ. നം. 392/2015) നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 17.09.2015 തീയതിയിലെ നം.3240/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.15 ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 131/2009**

**ശിപാർശ (ഖണ്ഡിക 45)**

സർക്കാർ പ്രതിനിധികളായി 7 ഡയറക്ടർമാരെ നിയമിക്കേണ്ട സ്ഥാനത്ത് എസ്.ആർ.ഒ. നമ്പർ 952/2008 പ്രകാരം 4 പേരെയും എസ്.ആർ.ഒ. നമ്പർ 21/2009 പ്രകാരം 2 പേരെയും നിയമിക്കുകയും ആയതിനുശേഷം പ്രസിദ്ധീകരിച്ച ഈ എസ്.ആർ.ഒ. പ്രകാരം ഏഴാമത്തെ പ്രതിനിധിയെ നിയമിക്കുന്നതിന് ക്രമനമ്പർ 5 ആയി ചേർക്കാൻ പറഞ്ഞിരിക്കുന്നത് തെറ്റാണെന്ന് നിരീക്ഷിച്ച സമിതി ആയത് ക്രമനമ്പർ 7 എന്നാക്കാൻ ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 45-ൽ സമിതി നിർദ്ദേശിച്ചതനുസരിച്ച് തിരുത്തൽ വരുത്തി 27.07.2015-ലെ സ.ഉ. (അച്ചടി) നമ്പർ 95/2015/തൊഴിൽ (എസ്.ആർ.ഒ.നം.495/2015) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 10.09.2015 തീയതിയിലെ നം.3241/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.15 ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 577/2009**

**ശിപാർശ (ഖണ്ഡിക 46)**

എസ്.ആർ.ഒ.-യുടെ ഭേദഗതി (2)-ൽ ക്രമ നമ്പർ എന്നത് ക്രമനമ്പർ എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 46-ൽ സമിതി നിർദ്ദേശിച്ച പ്രകാരം "ക്രമ നമ്പർ"എന്നത് "ക്രമനമ്പർ" എന്ന് തിരുത്തൽ 10.06.2015-ലെ സ.ഉ.(അച്ചടി) നം. 65/2015 തൊഴിൽ (എസ്.ആർ.ഒ.നം.397/2015 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 20.08.2015 തീയതിയിലെ നം.3242/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.15 ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 196/2010**

**ശിപാർശ (ഖണ്ഡിക 48)**

In the explanatory part of the S.R.O., the Committee noticed that the word "Workers" is wrongly written as "Workers' ". Hence the Committee asks the department to avoid this type of mistake in future.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 48-ൽ പരാമർശിച്ച പ്രകാരമുള്ള പിഴവുകൾ, ഭാവിയിൽ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കളിൽ വരാതെ ശ്രദ്ധിക്കുന്നതാണെന്ന് സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 12.08.2015 തീയതിയിലെ നം.3243/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.15 ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 258/2010, 495/2010**

**ശിപാർശ (ഖണ്ഡിക 51)**

The Committee noticed that in the preamble of the S.R.O., the name of the Act is wrongly written as 'the Kerala Agricultural Workers' Act, 1974'. Hence the committee recommends the department to correct the name of the Act as 'the Kerala Agricultural Workers Act, 1974' in both the S.R.Os.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 51-ൽ സമിതി നിർദ്ദേശിച്ചതനുസരിച്ച് എസ്.ആർ.ഒ. നമ്പർ 258/2010 -ൽ തിരുത്തൽ വരുത്തി 01.08.2015-ലെ സ.ഉ.(അച്ചടി) നമ്പർ 100/2015/തൊഴിൽ (എസ്.ആർ.ഒ.നം. 537/2015) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

അതുപോലെ എസ്.ആർ.ഒ. നമ്പർ 495/2010 -ൽ തിരുത്തൽ വരുത്തി 30.07.2015-ലെ സ.ഉ.(അച്ചടി നമ്പർ 99/2015/തൊഴിൽ എസ്.ആർ.ഒ. നം.536/2015) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 17.11.2015, 18.11.2015 തീയതികളിലെ യഥാക്രമം 3244/ആർ2/15/തൊഴിൽ, 3245/ആർ2/15/തൊഴിൽ നമ്പർ കത്തുകൾ പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.15 ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 747/2010**

**ശിപാർശ (ഖണ്ഡിക 53)**

പ്രസ്തുത എസ്.ആർ.ഒ.-യിൽ പരാമർശിച്ചിരിക്കുന്ന ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. പി. ഒ. പോളിനെ ഏത് എസ്.ആർ.ഒ. പ്രകാരമാണ് നിയമിച്ചതെന്ന് സമിതി ആരാഞ്ഞതിന് ഫയൽ പരിശോധിച്ചശേഷം മറുപടി അറിയിക്കാമെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

സമിതിയുടെ നിർദ്ദേശപ്രകാരം 747/2010-ാം നമ്പർ എസ്.ആർ.ഒ.യുടെ തീർപ്പ് ഫയൽ പരിശോധിച്ചു. 952/2008-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ആയിരുന്ന ശ്രീ. എ. കെ. സുന്ദരനെയായിരുന്നു

സർക്കാർ പ്രതിനിധിയായി ഉൾപ്പെടുത്തിയിരുന്നത്. ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ചീഫ് എക്സിക്യൂട്ടീവിന്റെ പൂർണ്ണചുമതല അന്നത്തെ തൃശ്ശൂർ ജില്ല ലേബർ ഓഫീസറായിരുന്ന ശ്രീ. പി. ഒ. പോളിന് നൽകിയിരുന്നു. എന്നാൽ അദ്ദേഹത്തെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ പ്രതിനിധികളെ മാറ്റി നിയമിച്ചുകൊണ്ടുള്ള 747/2010-ാം നമ്പർ എസ്.ആർ.ഒ.യുടെ പീഠികയിലും വിശദീകരണക്കുറിപ്പിലും ചീഫ് എക്സിക്യൂട്ടീവ് ആയിരുന്ന ശ്രീ. എ. കെ. സുന്ദരൻ വിരമിച്ച ഒഴിവിൽ ശ്രീ. വി. കെ. അയ്യപ്പനെ നിയമിച്ചു എന്ന് പരാമർശിക്കേണ്ടതിന് പകരം ബോർഡ് ചീഫ് എക്സിക്യൂട്ടീവിന്റെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന ശ്രീ. പി. ഒ. പോളിന് പകരം ശ്രീ. വി. കെ. അയ്യപ്പനെ നിയമിച്ചു എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത എസ്.ആർ.ഒ.-യിലെ പിശകുകൾ തിരുത്തി 12/11/15. ലെ സ.ഉ (അച്ചടി നം. 172/2015 തൊഴിൽ (എസ്.ആർ.ഒ. നമ്പർ 783/2015)) പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 05.01.2016 തീയതിയിലെ നം.3246/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21.06.17-ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 753/2010**

**ശിപാർശ (ഖണ്ഡിക 55)**

പ്രസ്തുത എസ്.ആർ.ഒ.-യിലെ പീഠികയിലെ "ആകറ്റ്" എന്നത് "ആക്റ്റ്" എന്ന് തിരുത്തൽ വരുത്താൻ സമിതി നിർദ്ദേശിക്കുന്നു.

**ശിപാർശ (ഖണ്ഡിക 56)**

ബോർഡിലെ ചെയർമാന്റെ നിയമനവുമായി ബന്ധപ്പെട്ട ഖണ്ഡിക 3(2)ഉം ബോർഡിലെ ഡയറക്ടർമാരുടെ നിയമനവുമായി ബന്ധപ്പെട്ട ഖണ്ഡിക 3(1)(ii)-ഉം കൂടി ഉൾപ്പെട്ടതിനാൽ എസ്.ആർ.ഒ.-യുടെ പീഠികയിലെ "1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമപദ്ധതിയിലെ 3, 6, 7 ഖണ്ഡിക കൂട്ടിവായിച്ച പ്രകാരം" എന്നത് "1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമപദ്ധതിയിലെ 3(1)(ii), 3(2), 6, 7 ഖണ്ഡിക കൂട്ടിവായിച്ച പ്രകാരം" എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 55, 56 എന്നിവയിൽ സമിതി നിർദ്ദേശിച്ചതനുസരിച്ച് 01.08.2015-ലെ സ.ഉ(പി) നം.102/2015/തൊഴിൽ (എസ്.ആർ.ഒ. നമ്പർ 514/2015) പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 17.11.2015 തീയതിയിലെ നം.3247/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.15-ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 16/2011**

**ശിപാർശ (ഖണ്ഡിക 58)**

In the short title and commencement of the scheme says that "This Scheme may be called the Kerala Agricultural Worker's Welfare Fund (Amendment) Scheme, 2010". The Committee noticed that the amendment came into force only on 11th January, 2011. Hence the Committee recommends to correct it as "This Scheme may be called the Kerala Agricultural Workers' Welfare Fund (Amendment) Scheme, 2011".

**സ്വീകരിച്ച നടപടി**

ഖണ്ഡിക 58-ലെ സമിതിയുടെ ശിപാർശ പ്രകാരം തെറ്റ് തിരുത്തി, 10.07.2015-ലെ സ.ഉ(പി) നം. 85/2015/തൊഴിൽ (എസ്.ആർ.ഒ. നമ്പർ 475/2015) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 10.09.2015 തീയതിയിലെ നം. 3248/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.2015-ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 430/2011**

**ശിപാർശ (ഖണ്ഡിക 61)**

എസ്. ആർ. ഒ.യുടെ പീഠികയിൽ "1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിലെ (1974-ലെ 18-ാം ആക്റ്റ്) 11-ാം വകുപ്പും, 1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 3-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയും കൂട്ടിവായിച്ച പ്രകാരം" എന്നാണ് പറഞ്ഞിരിക്കുന്നത് എന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിയിലെ ഖണ്ഡിക 3(1) ഡയറക്ടർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടും 3(2) പ്രകാരം ഡയറക്ടർമാരിൽ ഒരാളെ ചെയർമാനായി നിയമിക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതായി നിരീക്ഷിച്ച സമിതി "1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിലെ (1974-ലെ 18-ാം ആക്റ്റ്) 11-ാം വകുപ്പും, 1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 3-ാം ഖണ്ഡികയിലെ (1)-ഉം (2)-ഉം ഉപഖണ്ഡികകൾ കൂട്ടിവായിച്ച പ്രകാരം" എന്ന് ഭേദഗതി വരുത്താൻ നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

സമിതി നിർദ്ദേശിച്ചതനുസരിച്ച് ഭേദഗതി വരുത്തി 26.10.2015-ലെ സ.ഉ(അച്ചടി) നമ്പർ 161/2015 തൊഴിൽ (എസ്.ആർ.ഒ. നമ്പർ 723(2015) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 06.01.2016 തീയതിയിലെ നം. 3249/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21.06.2017-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 62)**

എസ്.ആർ.ഒ.യിൽ കർഷക തൊഴിലാളിയും ബോർഡിന്റെ ചെയർമാനുമായിരുന്ന ശ്രീ. ചിറ്റയം ഗോപകുമാർ, ഷാൻഗ്രില, നീലേശ്വരം പി. ഒ., കൊട്ടാരക്കര, കൊല്ലം ജില്ല രാജിവച്ചതായും അതിനുപകരമായി ചെയർമാനെ നിയമിച്ചതായും പരാമർശിച്ചിരിക്കുന്നു. എന്നാൽ തൊഴിലാളി പ്രതിനിധിയെ നിയമിക്കാത്തതിന് സമിതി വിശദീകരണം ആരാഞ്ഞതിന് ഫയൽ പരിശോധിച്ചശേഷം മറുപടി അറിയിക്കാമെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 62-നെ സംബന്ധിച്ച്, എസ്.ആർ.ഒ. നമ്പർ 952/2008 പ്രകാരം പുന:സംഘടിപ്പിക്കപ്പെട്ട കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിയമാനുസൃതമുള്ള തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിയിരുന്നു, തുടർന്ന് കർഷക തൊഴിലാളിയും ബോർഡിന്റെ ചെയർമാനുമായിരുന്ന ശ്രീ. ചിറ്റയം ഗോപകുമാർ രാജിവച്ചതിനാൽ പകരം ചെയർമാനെ നിയമിച്ചുകൊണ്ട് 430/2011 -ാം നമ്പർ എസ്.ആർ.ഒ. പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത തീർപ്പ് ഫയൽ പരിശോധിച്ചതിൽ നിന്നും ബോർഡിൽ ചെയർമാനെ നിയമിക്കുന്നതിനുള്ള ഉത്തരവ് മാത്രമേ ലഭിച്ചിട്ടുള്ളതായി കാണുന്നുള്ളൂ. പ്രസ്തുത വിജ്ഞാപനത്തിന്റെ കരട് നിയമ വകുപ്പ് സൂക്ഷ്മപരിശോധന നടത്തി തിരികെ ലഭ്യമാക്കിയപ്പോൾ എസ്.ആർ.ഒ. നമ്പർ 952/2008 പ്രകാരം പുന:സംഘടിപ്പിക്കപ്പെട്ട കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാലാവധി 16.09.2011-ന് അവസാനിക്കുന്നതിനാൽ ടി ബോർഡ് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കണമെന്ന് അഭിപ്രായപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് 16.01.2012-ലെ 31/2012-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം, നിയമാനുസൃതമായ ഏഴ് തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തി കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു എന്ന വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 06.01.2016 തീയതിയിലെ നം. 3249/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21.06.2017-ലെ സമിതി യോഗം അംഗീകരിച്ചു.)

**എസ്.ആർ.ഒ. നമ്പർ 31/2012**

**ശിപാർശ (ഖണ്ഡിക 64)**

എസ്. ആർ. ഒ.യുടെ പീഠികയിൽ ബോർഡിന്റെ പേര്, 'കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് നിരീക്ഷിച്ച സമിതി ആയത് 'കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നും പീഠികയിലെ ആറാമത്തെ വരിയിൽ 'സംഘടിപ്പിച്ചുകൊണ്ട്' എന്നത് 'പുനഃസംഘടിപ്പിച്ചുകൊണ്ട് ' എന്നും തിരുത്തൽ വരുത്തുവാനും എസ്.ആർ.ഒ.യുടെ അവസാനത്തെ ഖണ്ഡിക "പ്രസ്തുത ആക്റ്റിലെ 11-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ശ്രീ. കെ. റ്റി. ഇതിഹാസ്, കല്ലുപുരയ്ക്കൽ വീട്, തോടൻകുളങ്ങര പി. ഒ., ആലപ്പുഴ-6 കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനായിരിക്കും" എന്നും മാറ്റംവരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 64-ൽ സമിതി നിർദ്ദേശിച്ചതനുസരിച്ച് തിരുത്തൽ വരുത്തി 23.09.2015-ലെ സ.ഉ.(അച്ചടി)നമ്പർ 144/2015/തൊഴിൽ (എസ്.ആർ.ഒ. നമ്പർ 684/2015) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 28.11.2015 തീയതിയിലെ നം. 3250/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.2015-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 65)**

എസ്. ആർ. ഒ.യുടെ വിശദീകരണക്കുറിപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം ബോർഡിലേക്ക് ഒരു ഭൂവുടമാ പ്രതിനിധിയെ സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുണ്ടോയെന്നാരാഞ്ഞതിന് ഫയൽ പരിശോധിച്ചശേഷം മറുപടി അറിയിക്കാമെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

12.02.2014-ലെ സ.ഉ.(സാധാ) 213/2014/തൊഴിൽ (എസ്.ആർ.ഒ. നമ്പർ 124/2014) പ്രകാരം ശ്രീകടവത്ത് മുഹമ്മദ്, കടവത്ത് ഹൗസ്, മാനന്തവാടി പി. ഒ., വയനാട് എന്നയാളിനെ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ 7-ാമത്തെ ഭൂവുടമാ പ്രതിനിധിയായി നിയമിച്ചിരുന്നു എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(തൊഴിലും നൈപുണ്യവും (ആർ) വകുപ്പിന്റെ 28.11.2015 തീയതിയിലെ നം. 3250/ആർ2/15/തൊഴിൽ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.12.2015-ലെ സമിതി യോഗം അംഗീകരിച്ചു.)

**അദ്ധ്യായം II**

**കമ്മിറ്റി (2014-2016) -യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നും നാളിതുവരെ അന്തിമ മറുപടി ലഭ്യമാക്കാതെയുള്ള ശിപാർശകളും സമിതിയുടെ തുടർശിപാർശകളും.**

**The Public Service Act, 1968 (19 of 1968)**

**എസ്.ആർ.ഒ. നമ്പർ 166/2020**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

**ശിപാർശ (ഖണ്ഡിക 24)**

The Committee noticed that adequate number of Doctors with Super Speciality Degree in General Medicine, Surgery, Anesthesia and Psychiatry are not available in Health Department. The Secretary, Health and Family Welfare Department informed that the Department can overcome this situation by increasing the number of seats for the above four

categories and also by providing more seats to the in-service candidates since these Doctors continue in Government Service. Hence the Committee recommends to provide more seats in speciality cadre to the in-service candidates who had served in rural and remote areas based on their seniority and also to take necessary steps to exclude these in-service candidates from qualifying entrance examination.

**സമിതിയുടെ തുടർശിപാർശ**

**ഖണ്ഡിക 24 ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ഗവണ്മെന്റിൽ നിന്നും നാളിതുവരെ സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ആരോഗ്യ കുടുംബക്ഷേമകാര്യ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.**

**എസ്.ആർ.ഒ. നമ്പർ 131/2013**

**സ്റ്റോർസ് പർച്ചേയ്സ് വകുപ്പ്**

**ശിപാർശ (ഖണ്ഡിക 28)**

The Committee finds that in the preamble of the S.R.O. the name of the Act is wrongly written as "Kerala Public Services Act, 1968". Hence the Committee recommends the department to correct the name of the Act as "the Kerala Public Services Act, 1968"

**ശിപാർശ (ഖണ്ഡിക 29)**

Rule 3 deals with the method of appointment. First line of the table in column 3 says "By promotion from category 2 Deputy Controller of Stationery". In Rule 2, Category 2 is defined as "Deputy Controller of Stationery". The Committee notices that a hyphen is missing between "by promotion from category 2" and "Deputy Controller of Stationery". Hence the Committee recommends to insert a hyphen between the terms "by promotion from category 2" and "Deputy Controller of Stationery" in the first line of column 3 in the table under Rule 3.

**ശിപാർശ (ഖണ്ഡിക 30)**

The Committee notices that in Rule 4, which deals with qualification, for category 1 ie, Controller of Stationery, while academic qualification for by promotion is prescribed, service qualification for the other two methods of appointment (by transfer) mentioned in Rule 3 is not prescribed. The Committee opines that qualification required for each post and for each method of appointment should be clearly specified in the statutory rules. Hence the Committee recommends to include the service qualification along with the basic academic qualification for the other two methods of appointment for Category I in serial No 1 of the Table in Rule 4

**ശിപാർശ (ഖണ്ഡിക 31)**

The Committee understands that in Rule 4 for category 2 and category 3 basic academic qualification is not mentioned. Qualification is given as "service in the stationery department for a period not less than twenty years" and "service in the stationery department

for a period not less than ten years" respectively. The Committee is of the opinion that qualification for each category should invariably be mentioned specifically to avoid ambiguity. Hence the Committee recommends the department to include the basic academic qualification along with the service qualification for category 2 and category 3 in Rule 4.

**ശിപാർശ (ഖണ്ഡിക 32)**

The Committee notices that in Rule 4 for category 4 and category 5 only service qualification is mentioned whereas basic academic qualification is not mentioned. Qualifications are given as "approved probationer in the category of Junior superintendent" and "approved probationer in the category of Assistant Foreman". The Committee opines that for each category academic qualification as well as service qualification need be mentioned. Hence the Committee recommends the Department to include the academic qualification along with the service qualification.

**ശിപാർശ (ഖണ്ഡിക 33)**

Rule 6 says that "the period of probation for persons appointed by direct recruitment or recruitment by transfer through PSC shall be two years on duty within a continuous period of 3 years and for persons appointed in a post or category from another post or category in the same service or appointed by transfer, from one service to another within the same Department or in another Department (where direct recruitment is not resorted to) shall be one year on duty within a continuous period of two years". The Committee notices that the method of appointment by direct recruitment and by transfer through P.S.C. for any of the categories is not mentioned in this S.R.O. and hence asked to be specify in this regard. During the witness examination the Secretary informed that the matter would be examined and a statement thereof would be furnished including the details of the categories for which the above mentioned methods of appointments are followed. The Committee instructs to furnish the details of the categories for which the method of appointment adopted is either "by direct recruitment" or "by transfer through P.S.C.". The Committee also recommends that if such methods of appointment is not resorted to, the Rule 6 be corrected accordingly.

**ശിപാർശ (ഖണ്ഡിക 34)**

In the explanatory note it is stated as "As the post of Mechanical Foreman in the Stationery Department was upgraded to the gazetted post and re-designated Chief Foreman as per GO. (Ms.) 58/90/ H. Edn. Dated 5.3.1990, the post of Chief Foreman should also be included in the Kerala Stationery Service". The Committee notices that the post of Chief Foreman was created on 5.3.1990 but this S.R.O. is published only on 21.2.2013. The Committee recommends the department to avoid this type of inordinate delay in future.

**<u>സമിതിയുടെ തുടർശിപാർശ (ഖണ്ഡിക 28–34)</u>**

<u>ഖണ്ഡിക 28 മുതൽ 34 വരെയുള്ള ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് ഗവണ്മെന്റിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സ്റ്റോർസ് പർച്ചേയ്സ് വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.</u>

എം. എം. മണി,

ചെയർപേഴ്സൺ,

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,

2025 മാർച്ച് 17